**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2796** **13-10-2021 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക വഴി എത്ര പേരെയാണ് ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലം തസ്തികകളിലാണ് സ്ഥിരപ്പെടുത്തൽ നടത്തിയിട്ടുള്ളതെന്നും അതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തെന്നും വെളിപ്പെടുത്തുമോ? | (എ) | മുൻ സർക്കാരിന്റെ കാലത്ത് (2016-21) വനം വകുപ്പിൽ 20 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയ 51 പേരെ ഫോറസ്റ്റ് വാച്ചറായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രണ്ട് പേരെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിര നിയമനം നടത്തുകയും ഒരാൾക്ക് നിലവിലുണ്ടായിരുന്ന പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിര നിയമനം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ 2016-21 കാലയളവിൽ 54 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ